Lalith Babu

**വിവരാവകാശ അപേക്ഷ വകുപ്പ് 6(3) പ്രകാരം മറ്റൊരു ഓഫീസിലേക്ക് കൈമാറണമെങ്കിൽ വിവരങ്ങൾ ഏതു ഓഫീസിലാണുള്ളതെന്ന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അറിഞ്ഞിരിക്കണം. അല്ലാത്ത സാഹചര്യത്തിൽ അപേക്ഷ വകുപ്പ് 6(3) പ്രകാരം കൈമാറനാകില്ല എന്ന പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ തീരുമാനം കമ്മിഷൻ ശരിവച്ചു**

വിവരാവകാശ നിയമപ്രകാരം പരാതിക്കാരൻ ആവശ്യപ്പെടുന്ന വിവരങ്ങൾ ഏത് ഓഫീസിൽ ഉണ്ടെന്ന് ഉറപ്പുണ്ടെങ്കിൽ മാത്രമേ ടി അപേക്ഷ വകുപ്പ് 6(3) പ്രകാരം ആ ഓഫീസിലേയ്ക്ക് അയച്ചുകൊടുക്കാനും ടി വിവരം അപേക്ഷകനെ അറിയിക്കാനും സാധിക്കുകയുള്ളു. ഗവൺമെന്റ് ഉത്തരവുകളുടേയും സർക്കുലറിന്റേയും പകർപ്പുകൾ ഏത് ഓഫീസിൽ ലഭ്യമാകും എന്ന് എസ്.പി.ഐ.ഒ യ്ക്ക് നിശ്ചയമില്ലാത്തതുകൊണ്ടാണ് അത്തരത്തിലൊരു മറുപടി നൽകിയത്. അത് നിയമാനുസൃതവുമാണ്. ആയതിനാൽ ഈ പരാതിയിന്മേൽ കൂടുതൽ നടപടികളാവശ്യമില്ലാത്തത് നാൽ ഇതിലെ നടപടികൾ ഇത് നാൽ അവസാനിപ്പിച്ചിരിക്കുന്നു.

കമ്മീഷൻ ഇന്നേദിവസം 2011 ഒക്ടോബർ 28-ാം തീയതി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.